# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റി

**27.02.2013–ൽ കൂടിയ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം വൈകുന്നേരം 3.30–ന് സെക്രട്ടേറിയറ്റ് സൗത്ത് കോൺഫറൻസ് ഹാളിൽ ബഹു.പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു.

1. സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ 20.02.2013–ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

2.1 2012–13 വാർഷിക പദ്ധതി അവലോകനം

നടപ്പുസാമ്പത്തിക വർഷം ഇതുവരെ 35.42 % ചെലവാണ് ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കപ്പെട്ടു. എല്ലാ ചെലവുകളും യഥാസമയം സാംഖ്യയിൽ രേഖപ്പെടുത്തണമെന്നുള്ള നിർദ്ദേശം പാലക്കപ്പെടുന്നില്ലെന്നും, അതിനാൽ ചെലവിന്റെ യഥാർത്ഥ സ്ഥിതി വ്യക്തമല്ലെന്നും നിരീക്ഷിക്കുകയുണ്ടായി. സാംഖ്യ ആപ്ലിക്കേഷൻ ഇൻസ്റ്റാൾ ചെയ്തിട്ടില്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആവശ്യമായ ഇൻഫ്രാ സ്ട്രക്ചർ സൗകര്യങ്ങൾ ഏർപ്പെടുത്തി സാംഖ്യ ആപ്ലിക്കേഷൻ ഓൺലൈൻ ആക്കാനുള്ള പ്രവൃത്തി ത്വരിതപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിരുന്നതും പാലിക്കപ്പെട്ടു കാണുന്നില്ലെന്നും, അതിനാൽ പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചു.

2.2 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാനദണ്ഡങ്ങളനുസരിച്ച് പ്രോജക്ടുകൾ ഭേദഗതി ചെയ്യാനും, പൂർത്തിയാക്കിയ പ്രോജക്ടുകളിലെ മിച്ചം ഉപയോഗിച്ച് സമാനമായ പുതിയ പ്രോജക്ടുകൾ രൂപീകരിക്കാനും ഡാറ്റാ എൻട്രി നടത്താനും ഉള്ള സൗകര്യം 2013 മാർച്ച് 7–ന് അവസാനിപ്പിക്കാൻ തീരുമാനിച്ചു.

3. **പ്രത്യേക വിഷയങ്ങൾ**

3.1 **കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ കത്ത്**
**(ഫയൽ നം.5450/ഡി.എ1/13/തസ്വഭവ)**

തദ്ദേശഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ആട്ഗ്രാമം, ക്ഷീരസാഗരം, നേച്ചർ ഫ്രഷ് എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് സബ്സിഡി മാർഗരേഖയിലെ നിബന്ധനയിൽ (2.4 ഖണ്ഡിക) വ്യക്തത വരുത്തുന്നതിനും, ഗുണഭോക്തൃ തെരഞ്ഞെടുപ്പിന്റെ രീതി തീരുമാനിക്കുന്നതിനും ഭരണ വകുപ്പുതലത്തിൽ വിശദമായ ചർച്ച നടത്താൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 കാസറഗോഡ് ജില്ലാ പഞ്ചായത്ത്**
**(ഫയൽ നം.1510/ഡി.ബി.1/13/തസ്വഭവ)**

വിദ്യാഭ്യാസ മേഖലയിൽ വളരെ പ്രയോജനപ്രദമായ രീതിയിൽ നാലഞ്ചു വർഷമായി നടന്നുവരുന്ന പ്രോജക്ടാണ് 'മികവ്' എന്നതും, തനത് ഫണ്ട് പരിമിതമാണ് എന്നതും പരിഗണിച്ച് അതിന്റെ നിർവഹണത്തിന് 2013-14 വർഷത്തിൽ പ്ലാൻ ഫണ്ട് കൂടി ഉപയോഗിക്കാൻ അനുവാദം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.8781/ഡി.എ.2/13/തസ്വഭവ)**

ഉത്ഘാടന ചടങ്ങുകൾക്ക് ചെലവഴിക്കാവുന്ന തുകയുടെ പരിധിയും വകുപ്പിന്റെ ജില്ലാ-സംസ്ഥാന മേധാവികളുടെ സാമ്പത്തികാധികാര ങ്ങളും പരിഗണിച്ച് തീർപ്പാക്കേണ്ട നിസാര വിഷയങ്ങൾ കോഓർഡി നേഷൻ കമ്മിറ്റിക്ക് സമർപ്പിക്കുന്ന പ്രവണത ശരിയല്ലെന്ന് നിരീക്ഷിക്കുകയും വിഷയം വകുപ്പുതലത്തിൽ പരിഹരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 ആലത്തൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം.8118 /ഡി.എ2/13/തസ്വഭവ)**

വാടക പുനർ നിർണ്ണയിക്കുന്നതിലെ കാലതാമസം നിമിത്തം 2005 ജനുവരി മുതൽ ജി.എം.എൽ.പി.സ്ക്കൂൾ കെട്ടിടത്തിന്റെ വാടക കുടിശ്ശിക ഉണ്ടായത് പഞ്ചായത്തിന്റെ 2013-14-ലെ നോൺ റോഡ് മെയിന്റൻസ് ഫണ്ടിൽ നിന്ന് അടക്കാൻ അനുവദിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്**
**(ബഹു. കൊയിലാണ്ടി എം.എൽ.എ ശ്രീ. കെ. ദാസൻ മുഖേന സമർപ്പിച്ചത്)**

അഡ്വാൻസ് തുക കൺവീനർ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപി ച്ചിരുന്നെങ്കിൽ അതിന് പലിശ ലഭിച്ചതോ ബാങ്കിൽ നിക്ഷേപിച്ചിട്ടില്ലെങ്കിൽ 12% പലിശയോ ഈടാക്കുന്നതും മറ്റുമുള്ള വിശദാംശങ്ങൾ പരിശോധിച്ച് ഭരണ വകുപ്പുതലത്തിൽ തീരുമാന മെടുക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 കാടുകുറ്റി ഗ്രാമപഞ്ചായത്ത്**

ആശ്രയ വിഭാഗത്തിൽപ്പെടാത്തവരായ പട്ടികജാതി വൃദ്ധജനങ്ങൾക്കും കട്ടിൽ വാങ്ങി നൽകുന്നത് ഉചിതമല്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 നിർമ്മിതി കേന്ദ്രങ്ങളുടെ മരാമത്തു പണികൾ**

നിർമ്മിതി കേന്ദ്രങ്ങളെ ഏൽപ്പിക്കുന്ന ലോ കോസ്റ്റ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കലും, സാങ്കേതികാനുമതി നൽകലും സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കാൻ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 എസ്.ആർ.ജി. ഓഫീസിന് കമ്പ്യൂട്ടർ വാങ്ങി നൽകുന്നത് സംബന്ധിച്ച്**

പ്രവർത്തനക്ഷമമല്ലാത്ത കമ്പ്യൂട്ടറുകൾക്കു പകരം പുതിയ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും പ്രിന്ററും ആർജ്ജിച്ച് എസ്.ആർ.ജി. ഓഫീസിൽ സ്ഥാപിക്കുന്നതിന് ഐ.കെ.എം.നും, അതിനാവശ്യമായ ഫണ്ട് ലഭ്യമാക്കാൻ കിലയ്ക്കും നിർദ്ദേശം നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 ആലുവ നഗരസഭ (ഫയൽ നം. 5244/ഡി.ബി3/13)**

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വാഹനം വാങ്ങുന്നതിന് നിലവിലുള്ള 10 ലക്ഷം രൂപ എന്ന ഉയർന്ന പരിധി ഇപ്പോൾ ഭേദഗതി ചെയ്യേണ്ടെന്നും, അതിനാൽ നഗരസഭയുടെ ആവശ്യം പരിഗണിക്കേണ്ടെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 കരട് എൻ.ജി.ഒ നയം**

ഇപ്പോൾ സർപ്പിച്ചിരിക്കുന്ന കരട് നയരേഖ കൂടുതൽ വിശദാംശങ്ങൾ ഉൾപ്പെടുത്തി സമർപ്പിക്കാൻ കിലയ്ക്ക് നിർദ്ദേശം നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 9408/ഡി.ഡി2/13)**

മാനദണ്ഡങ്ങൾ പാലിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തന്നെ പ്രോജക്ട് ഭേദഗതി ചെയ്യാമെന്നതിനാൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ തലത്തിൽ ആവശ്യം പരിഗണിക്കേണ്ടതില്ല എന്നു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 കേരള നഗര ഗ്രാമ വികസന കോർപ്പറേഷൻ (ഫയൽ നം. 8043/ഐഎ2/13)**

കോർപ്പറേഷനിൽ നിന്നും വായ്പ എടുത്ത തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് തുക ഈടാക്കാനുള്ള നടപടിയെ സംബന്ധിച്ചുള്ള അപേക്ഷ ഇപ്പോൾ പരിഗണിക്കേണ്ടതില്ല എന്നു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 മാട്ടൂൽ ഗ്രാമ പഞ്ചായത്ത് (ഫയൽ നം. 65946/എഫ്.എം.1/12)**

നിഷ്ക്രിയ അക്കൗണ്ടിലെ തുക പാസ്ബുക്കിൽ മാത്രമേ കാണുകയുള്ളൂ എന്നതിനാൽ നിജസ്ഥിതി ബോധ്യപ്പെട്ടശേഷം ഭരണവകുപ്പുതലത്തിൽ വിഷയം തീർപ്പാക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 കണ്ണൂർ നഗരസഭ**

2012-13 വാർഷിക പദ്ധതിയിലെ എസ്.സി. ഹൗസിംഗ് കോംപ്ലക്സ്, അനുബന്ധ പ്രവൃത്തികൾ ഡെപ്പോസിറ്റ് വർക്ക് ആക്കുന്നതിനുള്ള അപേക്ഷ അടുത്ത യോഗത്തിൽ പരിഗണിക്കാനായി മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 മലപ്പുറം ജില്ലാ പഞ്ചായത്ത്**

വിജയഭേരി സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ അവശ്യ ഘടകമായ അധ്യാപക പരിശീലന പരിപാടി തുടരുന്നതിന് അനുമതി നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 മലപ്പുറം ജില്ലാ പഞ്ചായത്ത്**

ബഹുവർഷ പദ്ധതി എന്ന നിലയിൽ 2012-13, 2013-14 വർഷങ്ങളിൽ വിഹിതം വകയിരുത്തിയ പ്രോജക്ടുകൾ നടപ്പുവർഷത്തിൽ തന്നെ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ പ്രോജക്ടിന് ഭേദഗതി വരുത്തി ഇക്കൊല്ലത്തെ സേവിംഗ്സിൽ നിന്ന് മുഴുവൻ ചെലവും നടത്താൻ അനുവദിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**(യോഗം വൈകുന്നേരം 5.15-ന് സമാപിച്ചു)**